LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പിന്റെ പരിധിയിൽ അപകടകരമായി നിൽക്കുന്ന വൃക്ഷങ്ങളും ശിഖരങ്ങളും മുറിച്ചുമാറ്റൽ

95(600) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷം ശക്തിപ്രാപിക്കുന്ന സാഹചര്യത്തിൽ പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന തരത്തിൽ വകുപ്പിന്റെ പരിധിയിൽ നിൽക്കുന്ന വൃക്ഷങ്ങളുടെ ശിഖരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റാൻ നിർദ്ദേശം നൽകുമോ?

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദീകരിക്കാമോ?

വഴിയരികിലും പൊതുസ്ഥലങ്ങളിലും മറ്റും അപകടകരമായി നിൽക്കുന്ന മരങ്ങൾ മനുഷ്യരുടെ ജീവനും സ്വത്തിനും പലപ്പോഴും ഹാനികരമാണ്. ഇത്തരത്തിലുള്ള അപകടകരമായി നിൽക്കുന്ന മരങ്ങളും അവയുടെ കൊമ്പുകളും വെട്ടിനീക്കാനുള്ള അപേക്ഷ വനം വകുപ്പ് ഓഫീസിൽ ലഭിച്ച് 2 ദിവസത്തിനകംതന്നെ തീർപ്പാക്കാനും വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് സോഷ്യൽ ഫോറസ്ട്രി വിഭാഗം ഉദ്യോഗസ്ഥർ അപേക്ഷയ്ക്കായി കാത്തുനിൽക്കാതെ ബന്ധപ്പെട്ട വകുപ്പുമായി ഇക്കാര്യത്തിൽ മുൻകയ്യായി പരിശോധന നടത്തി അപകടകരമായി നിൽക്കുന്ന മരങ്ങളും അവയുടെ കൊമ്പുകളും വെട്ടിനീക്കി മാറ്റുന്നതിന് 03.06.2021-ലെ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ SW3-804/2021 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ അപകടകരമായ രീതിയിൽ നിൽക്കുന്ന വൃക്ഷങ്ങളും ശിഖരങ്ങളും സംബന്ധിച്ച് അടിയന്തര റിപ്പോർട്ട് തേടുവാനും തുടർ നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ?

തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള, അപകടകരമായ വൃക്ഷങ്ങളും ശിഖരങ്ങളും മുറിച്ചുമാറ്റുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ വൃക്ഷകമ്മറ്റി പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ട്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള മരങ്ങളും ശിഖരങ്ങളും മുറിക്കുന്നതിന് അതത് തദ്ദേശഭരണ സ്ഥാപനങ്ങളാണ് നടപടി സ്വീകരിക്കേണ്ടത്.

നിയമപരമല്ലാത്ത വന്യജീവി വ്യാപാരം

96(601) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമപരമല്ലാത്ത വന്യജീവി വ്യാപാരം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണ്; വിശദമാക്കാമോ?

വന്യജീവി വ്യാപാരം തടയുന്നതിനായി നഗര പ്രദേശങ്ങൾ ഉൾപ്പെടെ പടോളിംഗും സംശയമുള്ള പെറ്റ് ഷോപ്പുകളിൽ റെയിഡുകളും നടത്തിവരുന്നുണ്ട്. ഇതിനുപുറമെ ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം മുഖാന്തരം രഹസ്യവിവര ശേഖരണവും നടത്തിവരുന്നു. വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോ നൽകുന്ന രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മിന്നൽ പരിശോധനയും നടത്തിവരുന്നു. വന്യജീവി വ്യാപാരം കണ്ടെത്തുന്ന കേസുകളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നുണ്ട്.

(സി) 2020-21 കാലഘട്ടത്തിൽ എത്ര കേസ്സുകൾ ഈയിനത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

2020-21 കാലഘട്ടത്തിൽ ഉത്തരമേഖലയിൽ 6 കേസും, ദക്ഷിണമേഖലയിൽ 6 കേസും, കിഴക്കൻ മേഖലയിൽ 2 കേസ്സും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) ഇത്തരം വ്യാപാരം തടയുന്നതിനും അന്വേഷകർക്ക് സാങ്കേതിക സഹായം നൽകുന്നതിനും ഹൈ എൻഡ് സൈബർ ഫോറൻസിക് ലബോറട്ടറി സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഹൈ എൻഡ് സൈബർ ഫോറൻസിക് ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലുണ്ട്.

ജനവാസ കേന്ദ്രങ്ങളിൽ എത്തുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനവ്

97(602) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ കേന്ദ്രങ്ങളിൽ എത്തുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനവ് രേഖപ്പെടുത്തുന്ന സാഹചര്യം ഉണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ്; അറിയിക്കാമോ?

വനത്തിലും വനത്തോടുചേർന്ന് കിടക്കുന്ന സ്ഥലങ്ങളിലും മനുഷ്യവാസ പ്രദേശങ്ങൾ കൂടുതൽ ഉള്ളതിനാൽ വന്യമൃഗങ്ങൾ ഒരു സ്ഥലത്തുനിന്നും മറ്റൊരു